LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 പശ്ചാത്തലത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന 5,000 രൂപ ധനസഹായത്തിനായി 1,75,474 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ അർഹരായ 1,28,799 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) കോവിഡ് മഹാമാരി കാരണം, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പ്രവാസി മലയാളികളിൽനിന്നുമുള്ള റെമിറ്റൻസിൽ എത്ര രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്; ആയത് നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടാക്കുന്ന ആഘാതം എത്രത്തോളമാണ്; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽനിന്നുള്ള റെമിറ്റൻസിന് സ്വകാര്യ ഏജൻസികളെയും ഉപയോഗിക്കുന്നുണ്ട്. രാജ്യത്തിനകത്തേയ്ക്ക് വരുന്ന റെമിറ്റൻസിന്റെ കണക്കുകൾ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. അതിനാൽ ഇതുസംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും, സംസ്ഥാന ആസൂത്രണ ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അംഗീകൃത ഫോറിൻ എക്സ്ചേഞ്ച് ഡീലേഴ്സ് വഴി 2020 ജനുവരി മുതൽ മേയ് മാസം വരെ റെമിറ്റൻസിൽ 65 ശതമാനം പ്രൈവറ്റ് ട്രാൻസ്ഫറിൽ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

കൊടകര കുഴൽപ്പണ കവർച്ച കേസിലെ പോലീസ് അന്വേഷണം

73 (1435) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണ കവർച്ച കേസിലെ പോലീസ് അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അന്വേഷണം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

കൊടകര കുഴൽപ്പണ കവർച്ച കേസിൽ പോലീസ് വളരെ കാര്യക്ഷമമായ അന്വേഷണമാണ് നടത്തിവരുന്നത്. കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം. 146/21 ആയി കേസ് രജിസ്റ്റർ ചെയ്ത ഈ കേസ് തൃശ്ശൂർ ജില്ലാ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈ.എസ്.പി. അന്വേഷണം ഏറ്റെടുത്തിരുന്നു. കേസിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടരന്വേഷണം നടത്തിവരുന്നു. 22 പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം 23-7-2021-ന് സമർപ്പിച്ചിട്ടുണ്ട്. അനധികൃതമായി പണം കൊണ്ടുവരുന്നത് സംബന്ധിച്ച് അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികളാണ് സ്വീകരിക്കേണ്ടത്. ഇതിലേയ്ക്കായി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് നൽകിയിട്ടുമുണ്ട്.

(ബി) പ്രസ്തുത കേസിൽ നിലവിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പ്രതികളുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാൻ തയ്യാറാകുമോ?

പ്രസ്തുത കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള നാലാം പ്രതിയായ ദീപക് @ ശങ്കരൻ എന്നയാൾ ബി.ജെ.പി. പ്രവർത്തകനാണെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേരള പോലീസ് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കേസുകളുടെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 U/s 120(B), 395, 412, 212, 427 IPC പ്രകാരമുള്ള കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021-ന് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്ന സമയം സംസ്ഥാനത്ത് കുഴൽപ്പണ ഇടപാടുകൾ നടന്നതായുള്ള വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടും ഈ കാര്യത്തിൽ ഇടപെട്ട രാഷ്ട്രീയ നേതൃത്വത്തിലേയ്ക്ക് അന്വേഷണം പുരോഗമിക്കുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ തുടർ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കേസിന്മേൽ സമഗ്രമായ അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളെയും വിവിധ ജില്ലകളിലെ നേതാക്കളെയും ചോദ്യം ചെയ്ത് വിവരം ശേഖരിച്ചിട്ടുള്ളതാണ്.